# പള്ളികഥകൾ

## മിനികഥകൾ എണ്പത്തി ആറ്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചൻ, ഇപ്പോൾ അമേരിക്കയിലെ ഒരച്ചായന്റെ കഥയാണ് പറയാൻ പോകുന്നത്. സാധാരണ അമേരിക്കയിലെ പല ഓത്ത്ഡോക്സ് പള്ളികളിലും ഒരച്ചായൻ കാണും; അത് സാധാരണയാണ്.

# അച്ചായൻ

അമേരിക്കയിലെ ഒരു പട്ടണത്തിലെ ഏക ഓത്ത്ഡോക്സ് പള്ളിയാണത്. സാമന്യം നല്ല വലിയഇടവകയാണ്. എല്ലാം കൂടെ നൂറ്റിരണ്ട് കുടുംബം ഉണ്ട്. അത്രയും ആയാൽ വലിയ ഇടവകയെന്ന് അമേരിക്കയിൽ പറയാം. അത്രയും കുടുംബമേ ഉള്ളു എങ്കിലും എല്ലാവരോടും പറഞ്ഞുകൊണ്ടു നടക്കുന്നത് നൂറ്റി മുപ്പത്തിരണ്ടു അതല്ലങ്കിൽ നൂറ്റി അൻപതു് എന്നെല്ലാമാണ്. എന്തായാലും ഉള്ള അത്രയും വീട്ടുകാരെ ഛിന്നിപ്പിക്കാതെ നിർത്തിയിരിക്കുന്നത് അവിടുത്തെ വികാരിയച്ചന്റെ കഴിവാണ്. അതല്ലങ്കിൽ മലയാളികൾ നാലു പേർ കൂടുന്നിടത്ത് അഞ്ച് പള്ളി ഉണ്ടാകേണ്ടതാണ്.

ആ ഇടവക ഉണ്ടായ കാലം മുതൽ ആ പള്ളിയിലെ അച്ചായനാണ് ചാക്കോ. എല്ലാവരും ചാക്കോച്ചായൻ, അച്ചായൻ എന്നെല്ലാമേ വിളിച്ചിരുന്നുള്ളു. പ്രായവും സ്വല്പം ഉണ്ട്. ആ പള്ളിയിലേക്ക് ഏതെങ്കിലും ഒരു മെത്രാച്ചൻ വന്നാലും അതല്ല ഏതെങ്കിലും ഒരു അച്ചൻ വന്നാലും അയാളുടെ വീട്ടിലാണ് താമസം. അവിടെയുള്ള മറ്റാക്കും അതിനുള്ള സൗമനസ്യത ഇല്ലന്നുള്ളത് സത്യമാണ്. കൊട്ടാരം പോലെയുള്ള ആ വലിയ വീട് അങ്ങിനെ ആരെങ്കിലും വരുമ്പോൾ തൂത്തു തുടച്ച് വൃത്തിയാക്കിയിടും. കുട്ടികളോ മറ്റു ബഹളങ്ങളോ ഒന്നുമില്ല. വരുന്നവക്ക് സ്വസ്ഥമായും സമാധാനമായും കഴിയാം. വിമാനതാവളത്തിൽ നിന്ന് കൊണ്ടു വരികയും മടക്കി വിമാനതാവളത്തിലേക്ക് കൊണ്ടു വിടുകയും ചെയ്യേണ്ടത് വേറെയാരെങ്കിലുമാവണം. അത് വികാരിയച്ചൻ തന്നെ ചെയ്യും. ഇടവക്കാർ ആരുടെയെങ്കിലും വീട്ടിൽ കൊണ്ടു പോകുന്നതും വരുന്നതും എല്ലാം അയാൾ ചെയ്യും. അപ്പോൾ അവരുടെ കൂടെ ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കും. വരുന്ന ആളിന്റെ കൂടെ നിന്ന് അയാളും ഭാര്യയും കൂടെയും അല്ലാതെയും ഉള്ള നിരവധി ഫോട്ടോകൾഎടുക്കും. അതെല്ലാം കൂടെ വെച്ച് പ്രത്യേകം ആൽബവും ഉണ്ടാക്കിയിട്ടുണ്ട്. അന്നത്തെ കാലത്ത് ഫേസ് ബുക്ക് പരിപാടി ഇല്ലായിരുന്നു.

ആ സ്ഥലത്ത് ഏതെങ്കിലും സിനിമാ താരങ്ങളോ, രാഷ്ട്രീയക്കാരോ ആരെങ്കിലും അവിടെയുള്ള ഏതെങ്കിലും ക്ലബികളിലേക്കു വന്നാലും അയാൾ തന്നെ അവക്കും താമസ സൗകര്യങ്ങൾ ചെയ്യും. അവരുടെ കൂടെ നിന്നും ഫോട്ടോകൾ എടുക്കും നിരവധി. അവരെ ആരെല്ലാം കൊണ്ടു പോയി സൽക്കരിക്കുമോ അവിടെല്ലാം അയാൾ കാണും അവരുടെ കൂടെ ഭക്ഷണത്തിന്. കൂടാതെ അവരുടെ കൂടെ ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നതിന്റേയും നിരവധി ഫോട്ടോകൾ എടുക്കും.

അയാൾ വഷാവഷം കേരളത്തിൽ പോകുമ്പോൾ ഈ ആൽബങ്ങൾ എല്ലാം പൊന്നു പോലെ കൊണ്ടു പോയി എല്ലാവരേയും കാണിക്കും. അതിന് എല്ലാവരും അയാളെ പൊങ്ങച്ചം ചാക്കോ എന്ന് അപര നാമം ഇട്ടിട്ടുണ്ട്. അയാൾ അതൊന്നും കാര്യമാക്കത്തില്ല. അയാൾക്കങ്ങിനെ പല അപര നാമങ്ങൾ ആൾക്കാർ ഇട്ടിട്ടുണ്ട്. പായിസം ചാക്കോ. ആ സ്ഥലത്ത് ഏതെല്ലാം ക്ലബുകളിലോ പള്ളിയിലോ മാത്രമല്ല മലയാളികൾ കൂടുന്ന അമ്പലത്തിൽ പോലും ഏതു തരത്തിലുള്ള പായിസംവേണമെങ്കിലും അയാൾഉണ്ടാക്കി കൊടുക്കും. അയാൾ ഉണ്ടാക്കുന്ന പായിസത്തിന്റെ രുചിഒന്നുവേറെയാണ്. അയാളുടെ വല്ല്യമ്മച്ചി നല്ലഒരു പാചകക്കാരി ആയിരുന്നു. അയാളുടെ അവധിക്കാലം പലപ്പോഴും ആ അമ്മച്ചിയുടെ കൂടെ ആയിരുന്നു ചെലവഴിച്ചിരുന്നത്. ''എടാ ചാക്കോ ഇതൊന്ന് ഇളക്കിക്കേ, ഈ പാത്രം ഒന്ന് മാറ്റി വെച്ചേ'' ഇങ്ങിനെ പലകൂട്ടം ആവശ്യങ്ങൾക്കായി രാത്രിയോ പാതിരാത്രിയോ എന്നില്ലാതെ പല സമയത്തും അയാളുടെ സഹായം അവർ ആവശ്യപ്പെട്ടിരുന്നു. അപ്പോഴെല്ലാം അവരുടെ കൂടെ അയാൾ ഉണ്ടായിരുന്നു. തന്മൂലം പല പാചകകാര്യങ്ങളും വിദഗ്ധമായി ചെയ്യാൻ അയാൾക്കറിയാം. പല പലഹാരങ്ങളും അയാൾ വളരെ രുചിയോടെ ഉണ്ടാക്കും. അയാൾ ഉണ്ടാക്കുന്ന ഭക്ഷണങ്ങൾ ആരു രുചിച്ചാലും ഉടനെ പറയും അത് അയാൾ ഉണ്ടാക്കിയതാണെന്ന്. ഇറച്ചി മീൻ, ബിരിയാണി അവിയൽ, സാമ്പാർ തോരൻ, അലുവാ, കേക്ക് എന്നിങ്ങളെ മലയാളികളുടെ എല്ലാ പ്രിയപ്പെട്ട ഭക്ഷണങ്ങളും വളരെ രുചിയോടെ അയാൾ പാചകം ചെയ്യും. തന്മൂലം കുക്ക് ചാക്കോയെന്നും അയാൾക്ക് അപര നാമം ഉണ്ട്. ഒരു വിവാഹത്തിനോ അടിയന്തിരത്തിനോ ഒരു ആയിരം പേക്ക് വെരെ അയാൾ ഭംഗിയായി, രുചിയായി, വൃത്തിയായി ഉണ്ടാക്കി കൊടുക്കും. പക്ഷേ അയാളുടെ വേതനം അല്പം കൂടുതലാണ്. എന്നാലും ആൾക്കാക്ക് അയാൾ ഉണ്ടാക്കുന്ന ഭക്ഷണം പ്രിയമാണ്.

അയാളുടെ ഭാര്യ നേഴ്സായി ജോലി ചെയ്യുകയാണ്. ഉള്ളതു പറഞ്ഞാൽ ലൈസൻസ് പ്രാക്ടിക്കൽ നേഴ്സാണ്. അവർ സ്ഥിരം ജോലി സ്ഥലത്തു തന്നെയാണ് കിടപ്പ്. അവർ കൈ നിറയെ വാരികൊണ്ട് വരുന്നുണ്ട്. അവക്ക് മക്കളില്ല. ''എന്തിനാ ഈ രാജ്യത്ത് മക്കൾ? പതിനെട്ടു കഴിയുമ്പോൾ തോന്ന്യവാസമായിട്ട് ജീവിച്ച് മാതാപിതാക്കളെ കണ്ണീരു കുടിപ്പിക്കുന്ന മക്കളെന്തിനാ?'' അവരുടെ ചോദ്യം ന്യായമാണെന്ന് എല്ലാ മലയാളികളും സമ്മതിക്കും.

അയാൾ രണ്ടാം കെട്ടാണ്. കേരളത്തിൽ ഹൈസ്ക്കൂൾ കഷ്ടിച്ചു പാസായിട്ട് പാട്ടി ഓഫീസിൽ വരുന്നവക്ക് ചായയും വാങ്ങിക്കൊടുത്ത് ജീവിച്ചവനാണ്. ''എടാ ചാക്കോ രണ്ട് ചായ'' പാട്ടി ഓഫീസിൽ വരുന്നവർകല്പിക്കും. അയാൾ തലയും ചൊറിഞ്ഞ് നിൽക്കും. അവർ കൊടുക്കുന്ന പണത്തിന് ഒരു ചായ അയാൾക്കുൾപ്പെടെ വാങ്ങിക്കും. ബാക്കി പണം അയാളുടെ പോക്കറ്റിൽ. ആരും ബാക്കി ചോദിക്കാറില്ല. അഥവാ ആരെങ്കിലും ചോദിച്ചാൽ അയാളുടെ വായിലെ നാറ്റം പുറത്തു വരും തന്മൂലം നാട്ടിൽ വെച്ചേ അയാൾക്ക് ''ചന്ത ചാക്കോ'' എന്ന അപര നാമം കിട്ടിയിട്ടുണ്ട്. അതിപ്പോഴും ആരെങ്കിലും അയാളോട് ഉരച്ചാൽ ബോദ്ധ്യപ്പെടും. അതുകൊണ്ട് പലക്കും അയാളെ ഉള്ളാലെ ഭയമാണ്.

അങ്ങിനെ പാട്ടി പണിയും വായിനോട്ടവുമായി നാല്പതു വയസുവെരെ അയാൾ കഴിച്ചു കൂട്ടി. അമേരിക്കയിൽ നിന്ന് നാല്പതു വയസായ മേരി വിവാഹം ചെയ്യാൻ വന്നപ്പോൾ ആ പ്രായത്തിന് പറ്റിയ ആരേയും കിട്ടാതെ വന്നപ്പോൾ അയാൾക്ക് അവസരം കിട്ടി അമേരിക്കയിൽ വരാൻ. ഏകദേശം മൂന്നു വഷം അയാളെ സഹിച്ച ആ സ്ത്രീ അയാളെ അതിഭയങ്കര തണുപ്പത്തും മഞ്ഞത്തും വെളിയിൽ തട്ടി കതകടച്ചു. എപ്പാട്ടുമെന്റിൽ താമസിച്ചിരുന്ന അയാൾ മെയ്യനങ്ങി പണി ഒന്നും ചെയ്യാതെ അവരുടെ മൊത്തം കാശും കൊണ്ട് സ്ഥലം വിട്ടു. ആ വകയിലും മക്കളൊന്നുമില്ലാതായപ്പോൾ വിവരദോഷികൾ പേരിട്ടു ''മച്ചിചാക്കോ''. രണ്ടു വഷത്തിനു ശേഷം വിധവ രാജത്തിനെ വിവാഹം കഴിച്ചപ്പോൾ ആ ഇനത്തിലും മക്കളൊന്നുമില്ലായിരുന്നു അവിടേയും ഇവിടേയും.